"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - തൃപ്പൂണിത്തുറ നഗരസഭ - വിജിലൻസ് പരിശോധന - സെക്രട്ടറി തസ്തികയിൽ നിന്നും വിരമിച്ച ശ്രീ.കെ.ടി.ജെയിംസിനെതിരെ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇ.യു.) വകുപ്പ്**

**സ.ഉ.(സാധാ) നം.2434/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 02/11/2019

പരാമർശം:-1 വിജിലൻസ് & ആന്റി-കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 07.09.2015 തീയതിയിലെ ഇ7(SC 65/2014/CRE) 32490/14 നമ്പർ കത്ത്.

2 തൃപ്പൂണിത്തുറ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.കെ.ടി.ജെയിംസിന് നൽകിയ 10.03.2017 തീയതിയിലെ ഇ.യു.1/383/2016/ത.സ്വ.ഭ.വ. നമ്പർ കുറ്റപത്രം.

3 കുറ്റപത്രത്തിന് ശ്രീ.കെ.ടി.ജെയിംസ് സമർപ്പിച്ച 30.06.2017 തീയതിയിലെ പ്രതിവാദ പത്രിക.

4 നഗരകാര്യ ഡയറക്ടറുടെ 08.03.2019 തീയതിയിലെ വി3-10629/2017 നമ്പർ കത്ത്.

**ഉത്തരവ്**

തൃപ്പൂണിത്തുറ നഗരസഭാ പ്രദേശത്ത് മിനി ബൈപാസ് അവസാനിക്കുന്ന കണ്ണൻകുളങ്ങര ജംഗ്ഷനിൽ വൈക്കം റോഡിൽ പടിഞ്ഞാറുവശത്ത്, തെക്കുംഭാഗം വില്ലേജ് സർവ്വേ നമ്പർ 219/2-ൽപ്പെട്ട സ്ഥലത്ത് ശ്രീ സിറിയക്ക് മാത്യു എന്ന വ്യക്തി പണിയുന്ന മൂന്ന് നില ഷോപ്പിംഗ് കോംപ്ലക്സിന് കെട്ടിട നിർമ്മാണ അനുമതി കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ അവഗണിച്ചാണ് നൽകിയതെന്ന് ആരോപിച്ച് കണ്ണൻകുളങ്ങര ഈസ്റ്റ് റസിഡൻസ് അസോസിയേഷൻ സെക്രട്ടറി ശ്രീ പി.എൻ ശശിധരൻ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ തൃപ്പൂണിത്തുറ നഗരസഭയിൽ 21.02.2015-ൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ എറണാകുളം വിഭാഗം പരിശോധന നടത്തുകയുണ്ടായി. പ്രസ്തുത വിജിലൻസ് പരിശോധനയിൽ ശ്രീ സിറിയക് മാത്യു നിർമ്മിച്ച മൂന്നു നില

കെട്ടിടത്തിന്റെ പിൻഭാഗത്തെ സെറ്റ് ബാക്ക് ഏരിയ കെ.എം.ബി.ആർ പ്രകാരമല്ല, പെർമിറ്റിന് വിരുദ്ധമായി അഡീഷണൽ ടോയിലറ്റ് പണിതു, തുറന്ന സ്റ്റെയർ അടച്ചുപൂട്ടി മുകളിൽ പ്രത്യേകമായി മറ്റൊരു സ്റ്റെയർ റൂം ഉണ്ടാക്കി, റസിഡൻഷ്യൽ പെർമിറ്റോടുകൂടി പണികഴിപ്പിച്ച കെട്ടിടത്തിന്റെ ഒന്നും രണ്ടും നിലകൾ വാണിജ്യാവശ്യത്തിനായി അനുമതി വാങ്ങാതെ പരിവർത്തനപ്പെടുത്തി, അനധികൃത നിർമ്മാണത്തിന് എതിരെ നടപടി എടുക്കുന്നതിൽ വീഴ്ച വരുത്തി എന്നീ ആരോപണങ്ങൾ കണ്ടെത്തുകയുണ്ടായി. വിജിലൻസ് വിഭാഗം കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ തൃപ്പൂണിത്തുറ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ കെ.ടി ജെയിംസിന് പരാമർശം രണ്ട് പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു. പ്രസ്തുത കുറ്റാരോപണ മെമ്മോ/പത്രികയ്ക്ക് ശ്രീ കെ.ടി ജെയിംസ് പരാമർശം മൂന്ന് പ്രകാരം സമർപ്പിച്ച മറുപടിയിൽ, തൃപ്പൂണിത്തുറ നഗരസഭയിൽ തെക്കുംഭാഗം വില്ലേജിൽ കണ്ണൻകുളങ്ങര ജംഗ്ഷന് സമീപം സർവ്വേ നമ്പർ 219/2-ൽ ശ്രീ.സിറിയക്ക് മാത്യു നിർമ്മിച്ച മൂന്നു നില കെട്ടിടത്തിന്റെ നിർമ്മാണാനുമതി 27.08.2012-ൽ അനുവദിക്കുകയും 2013-ൽ നിയമാനുസൃത നിർമ്മാണ പെർമിറ്റ് അനുസരിച്ച് പണി പൂർത്തീകരിച്ച് ഒക്കുപ്പൻസി അനുവദിച്ചിട്ടുള്ളതാണെന്നും എന്നാൽ നഗരസഭയിൽ നിന്നും ഒക്കുപ്പൻസി അനുവദിച്ച് നൽകിയതിനുശേഷം ടി കെട്ടിടത്തിന്റെ പിൻഭാഗത്തായി കെട്ടിടത്തിനോടു ചേർത്ത് ഒരു പുതിയ ടോയിലെറ്റ് നഗരസഭയുടെ അനുമതി കൂടാതെ കക്ഷി നിർമ്മിക്കുകയും ടി കെട്ടിടത്തിന്റെ വശത്ത് നിലവിലുണ്ടായിരുന്ന തുറന്ന സ്റ്റെയർകേസ് അടച്ചുപൂട്ടി മറ്റൊരു സ്റ്റെയർ റൂം ആയി പരിവർത്തനപ്പെടുത്തുകയും ചെയ്തതു കാരണം പ്രസ്തുത കെട്ടിടത്തിന് കെ.എം.ബി.ആർ പ്രകാരം ആവശ്യമായ സെറ്റ് ബാക്ക് ഏര്യായിൽ കുറവ് വന്നതായി സെക്രട്ടറി ശ്രീ കെ.ടി ജെയിംസ് ബോധിപ്പിച്ചിട്ടുണ്ട്.

2. 2014-ൽ പ്രസ്തുത കെട്ടിടത്തിന് മുകളിൽ ഒരു മൊബൈൽ ടവർ സ്ഥാപിക്കുന്നതിനുള്ള ശ്രമം നടത്തിയപ്പോഴാണ് ടി കെട്ടിടത്തിന് ഒക്കുപ്പൻസി നൽകിയതിനുശേഷം നടത്തിയ അനധികൃത നിർമ്മാണം നഗരസഭാ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെട്ടതെന്നും, അനധികൃത നിർമ്മാണം സംബന്ധിച്ച് 18.07.2014-ൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് ലഭിച്ച വേളയിൽ തന്നെ അനധികൃത നിർമ്മാണത്തിനെതിരെ നോട്ടീസ് നൽകിയതായും, അനുവദിച്ചിരുന്ന ഒക്കുപ്പൻസിക്ക് വിരുദ്ധമായി പിന്നീട് നടന്ന അനധികൃത നിർമ്മാണങ്ങൾ പരിശോധിച്ച് യഥാസമയം നഗരസഭാ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നില്ലെന്നും ശ്രീ കെ.ടി ജെയിംസ് മറുപടി നൽകിയിരിക്കുന്നു. അനധികൃത നിർമ്മാണത്തിനെതിരെ നൽകിയ നോട്ടീസ് 23.07.2014-ൽ കക്ഷി കൈപ്പറ്റിയിട്ടുള്ളതും 29.07.2014-ന് മറുപടി നൽകിയിട്ടുള്ളതും, കക്ഷിയുടെ മറുപടി തൃപ്തികരമല്ലാത്തതിനാൽ താൽക്കാലിക ഉത്തരവ് സ്ഥിരപ്പെടുത്താതിരിക്കാൻ കാരണം ബോധിപ്പിക്കുന്നതിന് 7 ദിവസം സമയം നൽകി 04.08.2014-ൽ വീണ്ടും കക്ഷിക്ക് നോട്ടീസ് നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത നോട്ടീസിന് മറുപടിയായി കക്ഷി ടി കെട്ടിടത്തിന്റെ 2, 3 നിലകളിലെ ഒക്കുപ്പൻസി മാറ്റം ആവശ്യപ്പെട്ട് 13.10.2014-ൽ പുതിയ അപേക്ഷ സമർപ്പിക്കുകയും തുടർന്ന് മുനിസിപ്പൽ എഞ്ചിനീയറുടെ

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒക്ക്യുപ്പൻസി മാറ്റം നിരസിക്കുന്നതിന് 31.10.2014-ൽ സെക്രട്ടറി നിർദ്ദേശം നൽകുകയും 18.11.2014-ൽ നോട്ടീസ് നൽകിയിട്ടുള്ളതായും ശ്രീ കെ.ടി ജെയിംസ് ബോധിപ്പിച്ചിട്ടുണ്ട്.

3. പ്രസ്തുത കെട്ടിട ഉടമ വിദേശത്തായിരുന്നതിനാൽ ഒക്ക്യുപ്പൻസി മാറ്റം നിരസിച്ചുകൊണ്ട് നൽകിയ നോട്ടീസ് കക്ഷി കൈപ്പറ്റാതെ തിരികെ വരികയും, ആയത് സെക്ഷൻ ക്ലാർക്ക് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിൽ കാലതാമസം വരികയും, പ്രസ്തുത വിഷയം സെക്ഷൻ ക്ലാർക്ക് 13.02.2015-ൽ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് കക്ഷിയെ നേരിൽ കേൾക്കുന്നതിന് 06.04.2015-ൽ നോട്ടീസ് നൽകിയെങ്കിലും കക്ഷി ഹാജരാകാതിരുന്നതിനെ തുടർന്ന് അനധികൃതമായി നിർമ്മിച്ച കൂട്ടിച്ചേർക്കലുകൾ പൊളിച്ചു നീക്കുന്നതിന് 22.04.2015-ൽ സ്ഥിരീകരണ ഉത്തരവ് നൽകുകയും ചെയ്തിരുന്നു. എന്നാൽ ടി ഉത്തരവിനെതിരെ കക്ഷി ബഹു.ട്രൈബ്യൂണലിൽ നിന്നും 05.05.2015-ലെ അപ്പീൽ നമ്പർ 424/2015 പ്രകാരം സ്റ്റേ ഓർഡർ വാങ്ങിയതിനെ തുടർന്ന് ടി വിഷയത്തിൽ തുടർനടപടികൾക്ക് സാദ്ധ്യമാകാതെ വരികയും ചെയ്തതായി ശ്രീ.കെ.ടി ജെയിംസിന്റെ മറുപടിയിൽ ബോധിപ്പിച്ചിട്ടുണ്ട്.

4. നഗരസഭയിൽ നടക്കുന്ന അനധികൃത നിർമ്മാണങ്ങൾ, ഒക്ക്യുപ്പൻസി അനുവദിച്ചതിനുശേഷം ഉപയോഗ ക്രമത്തിൽ വരുത്തുന്ന മാറ്റം തുടങ്ങിയ കെട്ടിട ഉടമകളുടെ അനധികൃത പ്രവൃത്തികൾ, ഉത്തരവാദിത്തപ്പെട്ട എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർ യഥാസമയം പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നെങ്കിൽ മാത്രമേ നഗരസഭാ സെക്രട്ടറിയുടെ ശ്രദ്ധയിൽ വരികയുള്ളൂയെന്നും, പ്രസ്തുത വിഷയത്തിൽ റിപ്പോർട്ട് ലഭിച്ച ഉടൻതന്നെ തുടർനടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതും ഓഫീസ് മേധാവി എന്ന നിലയിൽ ശ്രീ കെ.ടി ജെയിംസ് വീഴ്ച വരുത്തിയിട്ടില്ലാത്തതാണെന്നും, ടിയാൻ 30.06.2017-ൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന സാഹചര്യം കൂടി പരിഗണിച്ച് കുറ്റവിമുക്തമാക്കി തുടർ നടപടികളിൽ നിന്നും ഒഴിവാക്കണമെന്ന് ശ്രീ കെ.ടി ജെയിംസ് അപേക്ഷിച്ചിരുന്നു.

5. ശ്രീ കെ.ടി ജെയിംസിന് നൽകിയ കുറ്റാരോപണ മെമ്മോ/പത്രികയും, ആയതിന് ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രികയും ബന്ധപ്പെട്ട നഗരസഭയിലെ PW4-B4/148/12-13 നമ്പർ ഫയലും പരിശോധിച്ച് കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പരാമർശം നാല് പ്രകാരം നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. തൃപ്പൂണിത്തുറ നഗരസഭയിൽ നിന്നും ശ്രീ.സിറിയക്ക് മാത്യുവിന്റെ അപേക്ഷ പ്രകാരം G+2 ഫ്ലോർ കെട്ടിടത്തിന് ഗ്രൗണ്ട് ഫ്ലോറിന് കൊമേഴ്സ്യൽ ഒക്ക്യുപ്പൻസിയായും, ഒന്നാം നിലയിലേയ്ക്കും രണ്ടാം നിലയിലേയ്ക്കും റസിഡൻസ് ഒക്ക്യുപ്പൻസിയായും 27.08.2012-ന് B4/148/12-13 നമ്പർ ആയി പെർമിറ്റ് നൽകുകയും

പിന്നീട് 12.11.2013-ൽ റസിഡൻസ് കം കൊമേഴ്സ്യൽ ഒക്യുപ്പേഷൻ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ 09.04.2014-ന് കണ്ണൻകുളങ്ങര റസിഡൻസ് അസോസിയേഷൻ ഭാഗവാഹികളും മുഴുവൻ പരിസരവാസികളും ടി സ്ഥലത്ത് മൊബൈൽ ടവർ വരുന്നതിനെതിരെ നൽകിയ പരാതിയെ തുടർന്ന് 14.08.2014-ൽ ടി കെട്ടിടത്തിനെതിരെയും പരാതി നൽകുകയും ചെയ്തിരുന്നു. ആയതിന്മേൽ നഗരസഭയിൽ നിന്നും അന്വേഷണം നടത്തിയതിൽ 18.07.2014-ൽ ടി കെട്ടിടത്തിനെ സംബന്ധിച്ച പരാതി ശരിവയ്ക്കുന്നതായി, പബ്ലിക്ക് വർക്സ് ഓവർസിയർ റിപ്പോർട്ട് ചെയ്തിരുന്നതായി കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നഗരസഭയിലെ പബ്ലിക് വർക്സ് ഓവർസിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 18.07.2014-ന് സെക്രട്ടറി കക്ഷിക്ക് അനധികൃത നിർമ്മാണത്തിനെതിരെ താൽക്കാലിക നോട്ടീസ് നൽകുകയും 24.07.2014-ലെ കക്ഷിയുടെ അപേക്ഷ കണക്കിലെടുത്ത് 10 ദിവസത്തിനുശേഷം 04.08.2014-ന് ടി കെട്ടിടത്തിന്റെ തൽക്കാല ഉത്തരവ് റദ്ദാക്കാതിരിക്കുവാൻ കാരണമുണ്ടെങ്കിൽ ആയത് ബോധിപ്പിക്കുന്നതിന് ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് ടിയാൻ 2, 3 നിലകളിലെ ഒക്യുപ്പൻസിയിൽ മാറ്റം ആവശ്യപ്പെട്ട് 13.10.2014-ൽ അപേക്ഷ സമർപ്പിക്കുകയും ആയത് സംബന്ധിച്ച് 31.10.2014-ലെ സെക്രട്ടറിയുടെ നിർദ്ദേശപ്രകാരം മാറ്റം നിരസിക്കുന്നതിന് 18.11.2014-ൽ നോട്ടീസ് നൽകുകയും ചെയ്തിട്ടുള്ളതായും കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത കാലയളവിൽ കെട്ടിട ഉടമ വിദേശത്തായതിനാൽ ടിയാൻ നോട്ടീസ് കൈപ്പറ്റാത്തതുമാണെന്ന് സെക്രട്ടറി സമർപ്പിച്ചിരുന്ന മെമ്മോയിലുള്ള മറുപടിയിൽ കാണുന്നതായും കക്ഷിക്ക് നൽകിയ നോട്ടീസ് കൈപ്പറ്റാതെ തിരികെ വന്നതായി രേഖപ്പെടുത്തിയിരിക്കുന്നത് 13.02.2015 നാണെന്നും ഏകദേശം മൂന്ന് മാസത്തെ കാലവിളംബമാണ് പ്രസ്തുത ഫയലിൽ കാണുന്നതെന്നും, ആയത് സെക്രട്ടറിയുടെ മേൽ നിർദ്ദേശത്തിനായി 13.02.2015 തന്നെ സമർപ്പിച്ചിരുന്നതായും കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. നഗരസഭയിൽ ഒക്യുപ്പേഷൻ സർട്ടിഫിക്കറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ ആയതിനുശേഷം ഏതെങ്കിലും അനധികൃത നിർമ്മാണം/ഉപയോഗക്രമത്തിൽ മാറ്റം നടക്കുന്നുണ്ടെങ്കിൽ ആയത് പരിശോധിക്കുന്നതിന് ഉത്തരവാദിത്വപ്പെട്ട എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർ റിപ്പോർട്ട് ചെയ്യുമ്പോൾ മാത്രമാണ് നഗരസഭാ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുകയെന്നും ടി വിഷയത്തിൽ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ റിപ്പോർട്ട് ലഭിച്ച ഉടൻതന്നെ യാതൊരു വീഴ്ചയും വരുത്താതെ മേൽ നടപടി സ്വീകരിച്ചിട്ടുള്ളതായും 06.04.2015-ൽ വീണ്ടും നോട്ടീസ് നൽകിയെങ്കിലും കക്ഷി ഹാജരാകാതെ വരികയും അനധികൃതമായി നിർമ്മിച്ച കൂട്ടിച്ചേർക്കലുകൾ പൊളിച്ചു നീക്കുന്നതിന് 22.04.2015-ൽ സ്ഥിരീകരണ ഉത്തരവ് നൽകിയെങ്കിലും ടി ഉത്തരവിനെതിരെ കക്ഷി ബഹു.ട്രൈബ്യൂണലിൽ നിന്നും 05.05.2015-ന് 434/2015 നമ്പർ പ്രകാരം സ്റ്റേ ഓർഡർ വാങ്ങിയതിനാലുമാണ് പ്രസ്തുത വിഷയത്തിന്മേൽ

തുടർനടപടികൾ സ്വീകരിക്കാൻ സാദ്ധ്യമാകാതെ വന്നതെന്നുള്ള സെക്രട്ടറിയുടെ മറുപടിയും കണക്കിലെടുത്ത് നഗരസഭ സെക്രട്ടറിയായിരുന്ന ശ്രീ കെ.ടി ജെയിംസ് മന:പൂർവ്വമായ കാലതാമസം വരുത്തിയിട്ടില്ലെന്ന് വിലയിരുത്തി ടിയാനെ തുടർനടപടിയിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന് കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ശ്രീ. സിറിയക്ക് മാതൃവിന്റെ ഉടമസ്ഥതയിലുള്ള മൂന്ന് നില കെട്ടിടത്തിന് നഗരസഭയിൽ നിന്നും ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം കക്ഷി നടത്തിയ അനധികൃത നിർമ്മാണം/ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയതിനെതിരെ കാലതാമസം കൂടാതെ നടപടി സ്വീകരിക്കുകയും അനധികൃത നിർമ്മാണം പൊളിച്ച് നീക്കുന്നതിന് നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ കെ.ടി ജെയിംസ് സ്ഥിരീകരണ ഉത്തരവ് നൽകുകയും ആയതിനെതിരെ കക്ഷി ബഹു.ട്രൈബ്യൂണലിൽ നിന്നും സ്റ്റേ ഓർഡർ വാങ്ങിയതിനെ തുടർന്നാണ് അനധികൃത നിർമ്മാണം സംബന്ധിച്ച പ്രസ്തുത വിഷയത്തിന്മേൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയാതിരുന്നതെന്നുള്ള നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ട് പരിഗണിക്കാവുന്നതും ആയത് കണക്കിലെടുക്കുമ്പോൾ ശ്രീ കെ.ടി ജെയിംസ് സമർപ്പിച്ച മറുപടി അംഗീകരിക്കാവുന്നതുമാണ്. ശ്രീ കെ.ടി ജെയിംസ് 30.06.2017-ൽ സർവ്വീസിൽ നിന്നും വിരമിച്ചതിനാലും കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ട് പരിശോധിച്ചും ശ്രീ കെ.ടി ജെയിംസിനെതിരെ സ്വീകരിച്ചുവരുന്ന അച്ചടക്ക നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

7. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.കെ.ടി. ജെയിംസ് സമർപ്പിച്ച മറുപടിയും, നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടും, ശ്രീ.കെ.ടി.ജെയിംസ് സേവനത്തിൽ നിന്നും വിരമിച്ചു എന്ന വസ്തുതയും പരിഗണിച്ച്, തൃപ്പൂണിത്തുറ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ കെ.ടി ജെയിംസിനെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാതൃ**
**അഡീഷണൽ സെക്രട്ടറി**

**പകർപ്പ് :**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.

ഡയറക്ടർ, വിജിലൻസ് & ആന്റി-കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം.

ശ്രീ.കെ.ടി. ജെയിംസ്, മുൻ സെക്രട്ടറി തൃപ്പൂണിത്തുറ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

വിജിലൻസ് വകുപ്പ്

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ